നമ്പർ : WEC.2/12176/20

വനിതാ ശിശുവികസന വകുപ്പ് ഡയറക്ടറേറ്റ്,
പൂജപ്പുര, തിരുവനന്തപുരം.
ഫോൺ : 0471-2346508 ഫാക്സ് : 0471-2346534
ഇ-മെയിൽ : directorate.wcd@kerala.gov.in
തിയതി : 13..10..2020

# പരിപത്രം

വിഷയം :വനിതാ ശിശുവികസന വകുപ്പ് - 'മംഗല്യ പദ്ധതി' – വിധവാ പുനർവിവാഹ ധനസഹായം 2020-21 വർഷത്തേയ്ക്ക് അപേക്ഷകൾ ക്ഷണിക്കുന്നത് – സംബന്ധിച്ച്.

സൂചന : 1) സ.ഉ(സാധാ)നം.472/സാക്ഷേവ. തീയതി: 12/11/2018.
2) ഈ കാര്യാലയത്തിലെ 18/6/2019 ലെ ഇ1/24251/WCD നമ്പർ ഉത്തരവ്.

സാധുക്കളായ വിധവകൾ, നിയമപരമായി വിവാഹ മോചനം നേടിയവർ എന്നിവരുടെ പുനർ വിവാഹത്തിന് 25,000/- രൂപ ധനസഹായം നൽകുന്ന മംഗല്യ പദ്ധതി 2008 മുതൽ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. സൂചന (2) പ്രകാരം വകുപ്പ് മുഖേനെ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ നിർവ്വഹണ ചുമതല ജില്ലാ വനിതാ ശിശുവകിസന ഓഫീസർമാർക്ക് നൽകി ഉത്തരവായിട്ടുണ്ട്. ആകയാൽ മംഗല്യ പദ്ധതി പ്രകാരം അപേക്ഷ സ്വീകരിക്കുന്നതിനുള്ള നടപടി ജില്ലാ വനിതാ ശിശുവികസന ഓഫീസർമാർ സ്വീകരിക്കേണ്ടതാണ്. ഈ പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.

1) അപേക്ഷക ബി.പി.എൽ. / മുൻഗണനാ വിഭാഗത്തിൽപ്പെട്ടതായിരിക്കണം.
2) ഭർത്താവിന്റെ മരണം മൂലം വിധവയാവുകയും, നിയമ പ്രകാരം വിവാഹ ബന്ധം വേർപെടുത്തിയത് നിമിത്തം വിധവയ്ക്ക് സമാനമായി തീർന്നിട്ടുള്ള കുടുംബങ്ങളിൽപ്പെട്ട വനിതകളുമാണ് ഈ പദ്ധതിയുടെ പരിധിയിൽ വരുന്നത്.
3) പുനർവിവാഹം ബന്ധപ്പെട്ട വിവാഹ രജിസ്ട്രാർ മുമ്പാകെ രജിസ്റ്റർ ചെയ്ത് സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം ഹാജരാക്കണം.
4) പുനർവിവാഹം നടന്ന് 6 മാസത്തിനകം അപേക്ഷ സമർപ്പിച്ചിരിക്കണം.
5) 18 നും 50 നും മദ്ധ്യേ പ്രായമുള്ള വിധവകളുടെ പുനർവിവാഹത്തിനാണ് ധനസഹായം അനുവദിക്കുന്നത്.
6) ധനസഹായത്തിനുള്ള അപേക്ഷകൾ താഴെപ്പറയുന്ന രേഖകൾ സഹിതം

ശിശുവികസന പദ്ധതി ഓഫീസർ മുഖേന ജില്ലാ വനിതാ ശിശുവികസന ഓഫീസർക്ക് നൽകേണ്ടതാണ്.

a) ആദ്യ വിവാഹത്തിലെ ഭർത്താവിന്റെ മരണ സർട്ടിഫിക്കറ്റ്.

b) വിവാഹ ബന്ധം വേർപെടുത്തിയത് സംബന്ധിച്ച് കോടതി ഉത്തരവ്.

c) ബി.പി.എൽ. / മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെട്ടത് സംബന്ധിച്ച രേഖ (റേഷൻ കാർഡിന്റെ കോപ്പി) സാക്ഷ്യപ്പെടുത്തിയത്.

d) അപേക്ഷകയുടെ ബാങ്ക് പാസ് ബുക്കിന്റെ പകർപ്പ്.

e) പുനർവിവാഹം രജിസ്റ്റർ ചെയ്തു സംബന്ധിച്ച സർട്ടിഫിക്കറ്റിന്റെ പകർപ്പ് (സാക്ഷ്യപ്പെടുത്തിയത്)

ലഭ്യമായ അപേക്ഷകൾ ശിശുവികസന പദ്ധതി ഓഫീസർമാർ പരിശോധിച്ച് ധനസഹായത്തിന് അർഹതയുള്ളതാണെന്ന് ഉറപ്പ് വരുത്തിയശേഷം മാത്രമേ ജില്ലാ വനിതാ ശിശുവികസന ഓഫീസർമാർക്ക് കൈമാറുവാൻ പാടുള്ളൂ.

മംഗല്യ പദ്ധതി പ്രകാരം ധനസഹായം നൽകുന്നതിനുള്ള അപേക്ഷകൾ 2020 നവംബർ 20 വരെ ശിശുവികസന പദ്ധതി ഓഫീസർമാർ സ്വീകരിക്കേണ്ടതും, നവംബർ 30 നകം ബന്ധപ്പെട്ട ജില്ലാ വനിതാ ശിശുവികസന ഓഫീസർമാർക്ക് നൽകേണ്ടതുമാണ്. ഇപ്രകാരം ലഭിച്ചിട്ടുള്ള അപേക്ഷകൾ പരിശോധിച്ച് ധനസഹായം ലഭിക്കുന്നതിന് അർഹതയുള്ളവയുടെ ലിസ്റ്റും ആവശ്യമായ ഫണ്ടിന്റെ വിശദാംശവും 2020 ഡിസംബർ 15 നകം ജില്ലാ വനിതാ ശിശുവികസന ഓഫീസർമാർ വനിതാ ശിശുവികസന ഡയറക്ടർക്ക് നൽകേണ്ടതുമാണ്.

**വനിത ശിശു വികസന വകുപ്പ് ഡയറക്ടർക്കുവേണ്ടി**

1. എല്ലാ DWCDO മാർക്കും
2. എല്ലാ CDPO മാർക്കും
3. എല്ലാ PO മാർക്കും

**പകർപ്പ്:**

1. സൂപ്രണ്ട്, ആഡിറ്റ് സെക്ഷൻ
2. ഫിനാൻസ് ഓഫീസർ
3. ഡയറക്ടറുടെ സി.എ
4. അഡീഷണൽ ഡയറക്ടർ / ജോയിന്റ് ഡയറക്ടർ
5. സ്റ്റോക്ക് ഫയൽ / സ്പെയർ

## 'മംഗല്യ പദ്ധതി'

### വിധവാ പുനർവിവാഹ ധനസഹായത്തിനുള്ള അപേക്ഷ

| | | |
|---|---|---|
| 1 | അപേക്ഷകയുടെ പേര്, അഡ്രസ്സ്, പിൻകോഡ്, ഫോൺ നം. | : |
| 2 | അപേക്ഷകയുടെ ജനന തീയതി | : |
| 3 | മരണമടഞ്ഞ ഭർത്താവിന്റെ പേര്, വിലാസം (മരണ സർട്ടിഫിക്കറ്റ് ഹാജരാക്കണം) | : |
| 4 | മരണമടഞ്ഞയാളുടെ വിധവയാണ് അപേക്ഷക എന്ന് തെളിയിക്കുന്നതിനുള്ള രേഖ | : |
| 5 | വിവാഹബന്ധം വേർപെടുത്തിയതാണെങ്കിൽ വിവാഹ ബന്ധം വേർപെടുത്തിയ കോടതി ഉത്തരവിന്റെ പകർപ്പ് | : |
| 6 | പുനർ വിവാഹം കഴിച്ച ഭർത്താവിന്റെ പേര്, അഡ്രസ്, വിവാഹ സർട്ടിഫിക്കറ്റ് | : |
| 7 | പുനർവിവാഹം, രജിസ്ട്രേഷൻ നം, തീയതി (വിവാഹ സർട്ടിഫിക്കറ്റ് ഹാജരാക്കണം) | : |
| 8 | അപേക്ഷകയുടെ തൊഴിൽ, വരുമാനം | : |
| 9 | പുനർവിവാഹം ചെയ്ത ഭർത്താവിന്റെ തൊഴിൽ, വരുമാനം | : |
| 10 | അപേക്ഷകയെ ആശ്രയിച്ച് കഴിയുന്ന കുട്ടികളുടെ വിശദ വിവരം | : |
| 11 | ഭർത്താവിനെ ആശ്രയിച്ച് കഴിയുന്ന കുട്ടികളുടെ വിശദ വിവരം | : |
| 12 | ഇപ്പോൾ താമസിക്കുന്ന ജില്ല, ബ്ലോക്ക്, ഗ്രാമപഞ്ചായത്ത് | : |
| 13 | ബാങ്ക് അക്കൗണ്ട് നമ്പർ | : |
| | IFSC | : |
| | ബ്രാഞ്ച് | : |

സ്ഥലം :

തീയതി :

അപേക്ഷകയുടെ ഒപ്പ്, പേര്

## സി.ഡി.പി.ഒ.യുടെ ശുപാർശ

-----------------------------------------------------------------------------------------------------

-----------------------------------------------------------------------------------------------------

-----------------------------------------------------------------------------------------------------

(ഓഫീസ് സീൽ) സി.ഡി.പി.ഒ.യുടെ ഒപ്പ്, സീൽ

## ജില്ലാ വനിതാ ശിശുവികസന ഓഫീസറുടെ ശുപാർശ

മംഗല്യ പദ്ധതി പ്രകാരം ശ്രീമതി. ----------------------------------------------------------------

---------------------------------- ധനസഹായത്തിന് അർഹയാണ്. ധനസഹായം അനുവദിക്കാവുന്നതാണ്.

സ്ഥലം :

തീയതി : (സീൽ) ജില്ലാ വനിതാ ശിശുവികസന ഓഫീസർ